# പരിശുദ്ധ വലിയ നോമ്പ്



ബിജോയ് ശാമുവേൽ അബുദാബി

കാനാവിലെ വെള്ളത്തെ –
വീഞ്ഞാക്കിയവൻ
കുഷ്ഠത്തെ തൊട്ടു –
സൗഖ്യം നൽകിയവൻ
കട്ടിലെടുപ്പിച്ചു –
ആ പക്ഷവാതക്കാരനെ
കനാന്യമകളെ നീക്കി –
ഭൂതത്തിൽ നിന്നും
കൂനിയെ നിവർത്തി –
ബന്ധനത്തിൽ നിന്നും
കുരുടനു കാഴ്ച നൽകി –
ദൈവനാമമഹത്വത്തിനായി
കഴുതപ്പുറത്തേറിയവനെ –
ഓശാന പാടിയവർ
കുരിശിലേററിയവനെ –
ദുഃഖദിനത്തിൽ
കബറടക്കിയവനെ –
സന്ധ്യാനേരത്തിൽ
കബറീന്നെഴുന്നേററു –
സത്യമായി – രക്ഷയ്ക്കായി
കാത്തിരിക്കുന്നു മണവാളനെ –
രണ്ടാം വരവിനായി

